**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2385** **08.12.2015 ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ട് അപ് പോളിസി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.എ.മാധവൻ**<br>**ശ്രീ.കെ.മുരളീധരൻ**<br>**ശ്രീ.എം.പി.വിൻസെൻറ്**<br>**ശ്രീ.ഡൊമിനിക് പ്രസന്റേഷൻ** | **ശ്രീ. പി കെ കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി)** |

| | | |
|---|---|---|
| (എ) | സ്റ്റാർട്ട് അപ് പോളിസിയുടെ കരട് പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) 12.05.2015 ലെ സ.ഉ.(കൈ) 14/2015/വി.സാ.വ. നമ്പർ ഉത്തരവ് പ്രകാരം കേരളാ ടെക്നോളജി സ്റ്റാർട്ടപ്പ് പോളിസി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) ലോകോത്തര നിലവാരമുള്ള ശാസ്ത്ര-സാങ്കേതിക പരിസരം സംസ്ഥാനത്തിനകത്ത് തന്നെ സൃഷ്ടിച്ച് യുവതലമുറയെ ശാക്തീകരിക്കുകയും അവരുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുവാൻ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ടെക്നോളജി സ്റ്റാർട്ട് അപ്പ് നയത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.<br><br>2014 ലെ കേരള സാങ്കേതിക സ്റ്റാർട്ടപ്പ് നയത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br>1. കേരളത്തിലെ സ്റ്റാർട്ടപ്പ് രംഗത്തും ഇൻകുബേഷൻ രംഗത്തുമായി 5000 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുക.<br>2. അടുത്ത അഞ്ചു വർഷങ്ങളിലായി യുവ സംരംഭകത്വ രംഗത്ത് 2500 കോടി രൂപ വിനിയോഗിക്കുക.<br>3. ഭാരതീയർ ഉടമസ്ഥരായുള്ള ആഗോള സാങ്കേതിക കമ്പനികൾ കൂടുതലായി ഉയർത്തികൊണ്ടു വരിക.<br>4. വിവിധ വിഭാഗങ്ങളിലായി 10 |

സാങ്കേതിക ബിസിനസ്സ് ഇൻകുബേറ്റർ / ആക്സിലറേറ്റർ സ്ഥാപിക്കുക.

5. 10000 സാങ്കേതിക ഉത്പന്ന സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം, സൗകര്യങ്ങൾ, ഇൻകുബേഷൻ എന്നിവ നൽകുക.
6. ഒരു ദശലക്ഷം ചതുരശ്ര അടി ഇൻകുബേറ്ററിനുള്ള സൗകര്യം സൃഷ്ടിക്കുക.
7. 2000 കോടി രൂപയുടെ വെഞ്ചർ ക്യാപിറ്റൽ ഫണ്ട് ലഭ്യമാക്കുക.
8. സ്റ്റാർട്ടപ്പുകളിൽ നിന്നും 20 ദശലക്ഷം ഡോളർ മൂല്യമുള്ള ഒരു സാങ്കേതിക കമ്പനിയെങ്കിലും സൃഷ്ടിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക.

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(സി) സ്റ്റാർട്ടപ്പ് സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. സ്റ്റാർട്ടപ്പ് സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിനായി സർക്കാർ രൂപീകരിച്ച സൊസൈറ്റിയായ കേരള സ്റ്റാർട്ടപ്പ് മിഷന് ഈ വർഷം മാത്രം ആകെ 80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 30 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.
2. കാര്യക്ഷമവും സ്ഥായിയായതും ചെലവ് കുറഞ്ഞതുമായ പുതു സംരംഭങ്ങളും ആശയങ്ങളും രൂപീകരിക്കുന്നതിനായി കേരളാ സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ രൂപീകരിച്ചുണ്ട്.
3. സംരംഭകത്വ വികസനത്തിന് വേണ്ടി മാത്രം സംസ്ഥാന വാർഷിക ബഡ്ജറ്റിന്റെ ഒരു ശതമാനം നീക്കി വച്ച ആദ്യ സംസ്ഥാനമാണ് കേരളം.
4. യുവതലമുറയിൽ സംരംഭകത്വ താൽപര്യം ജനിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി നേതൃത്വ പരിശീലന പരിപാടി, റാസ്പ്ബെറി പൈ പ്രോഗ്രാം, അന്തർ ദേശീയ

സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി, സ്റ്റാർട്ടപ്പ് ബൂട്ട് ക്യാമ്പ്, സ്റ്റാർട്ടപ്പ് ബോക്സ് ക്യാമ്പയിൻ, സ്റ്റാർട്ടപ്പ് ഐ 3, തുടങ്ങിയ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

5. ടെക്നോളജി ഇന്നവേഷൻ ഹബ് സ്ഥാപിക്കുന്നതിനായി കളമശ്ശേരിയിൽ 13.20 ഏക്കർ സ്ഥലം ഏറ്റെടുത്ത് പ്രവർത്തനം പുരോഗമിച്ച് വരുന്നു.
6. തിരുവനന്തപുരം ടെക്നോപാർക്കിലും കളമശ്ശേരിയിലെ ടെക്നോളജി ഇന്നവേഷൻ സോണിലും ഫാബ് ലാബുകളും, 20 കോളേജുകളിൽ മിനി ഫാബ് ലാബുകളും സ്ഥാപിച്ചു.
7. എറണാകുളം ഇൻഫോപാർക്കിൽ 10,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്റ്റാർട്ടപ്പ് വെയർ ഹൗസ് സ്ഥാപിച്ചു.
8. ഇൻകുബേഷൻ കഴിഞ്ഞ കമ്പനികൾക്ക് അവയുടെ വികസനത്തിനായി ടെക്നോളജി ബിസിനസ് ആക്സിലറേറ്ററുകൾ കിൻഫ്രായുടെ ഫിലിം ആന്റ് വീഡിയോ പാർക്കിൽ സ്ഥാപിച്ചു.

Sd/-

സെക്ഷൻ ഓഫീസർ